**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5009** — **11-08-2021 - ൽ മറുപടിയ്ക്ക്**

**ലിംഗസമത്വം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീവിരുദ്ധ അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ, ലിംഗസമത്വത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (എ) | സ്ത്രീ വിരുദ്ധ അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ലിംഗ സമത്വത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന രീതിയിലുള്ള കർമ്മപദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക്, സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തിരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺ ലൈൻ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും, ആയതുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺ ലൈൻ വഴി ബോധവല്ക്കരണ ക്ലാസ്സ് നല്കിയിട്ടുണ്ട്. ലിംഗസമത്വം യുവാക്കളിൽ നിന്ന് തുടങ്ങണമെന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തിരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness campaign സംഘടിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ലിംഗസമത്വത്തിന്റെ പ്രസക്തിയും പ്രാധാന്യവും സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഇവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുമോ; | (ബി) | (ബി) സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽ നിന്നും തുടച്ചു നീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ലിംഗസമത്വം, സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിലത്തലാക്കൽ, വിവാഹ ധൂർത്തു നിയന്ത്രിക്കൽ, ശൈശവ വിവാഹം നിരോധിക്കൽ എന്നിവ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വിഷയങ്ങൾ ടെക്നിക്കൽ /നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെയും കോളേജ് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകുന്നതിന്, ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്നതിനായി രൂപം കൊടുത്ത ജാഗ്രതാ സമിതിയുടെ ഘടനയും ലക്ഷ്യങ്ങളും വ്യക്തമാക്കാമോ; ജാഗ്രതാ സമിതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ; ഇവ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | (സി) സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനും അവർക്കെതിരെയുള്ള അതിക്രമങ്ങളും അവകാശലംഘനങ്ങളും പ്രാദേശിക തലത്തിൽതന്നെ പരിഹരിക്കുന്നതിനും വേണ്ടിയാണ് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല തലത്തിൽ ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുള്ളത്. സ്ത്രീ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ജില്ല തലങ്ങളിലും വാർഡ് തലങ്ങളിലും ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും/ കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കേരളത്തിലുടനീളം ജാഗ്രത സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതിനായി പ്രസ്തുത സമിതികൾ സമയബന്ധിതമായി കൂടുന്നതിന് എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ